LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ളവയുടെ പുനരുദ്ധാരണത്തിനും ആവശ്യമായ സാമ്പത്തികമുൾപ്പെടെയുള്ള എല്ലാ സഹായങ്ങളും കെ.എസ്.ഐ.ഡി.സി. കിൻഫ്ര, സിഡ്കോ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തുടങ്ങിയ ഏജൻസികൾക്ക് നൽകിവരുന്നു. കെ.എസ്.ഐ.ഡി.സി. വ്യവസായ വികസനത്തിനുവേണ്ടി അടിസ്ഥാന സൗകര്യം ഒരുക്കിയ 53 വ്യവസായ സംരംഭങ്ങൾ വിവിധ പാർക്കുകളിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭ്യമാക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കിൻഫ്ര സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഗ്ലോബൽ ആയുർവേദ വില്ലേജ്-തിരുവനന്തപുരം, മെഗാഫുഡ് പാർക്ക്-പാലക്കാട്, ഡിഫൻസ് പാർക്ക്-ഒറ്റപ്പാലം. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ-കാക്കനാട്, അന്താരാഷ്ട്ര ട്രേഡ് കൺവെൻഷൻ സെന്റർ-കാക്കനാട്, ഫുട് വെയർ ക്ലസ്റ്റർ - രാമനാട്ടുകര, സ്പൈസസ് പാർക്ക് - തൊടുപുഴ തുടങ്ങിയ പദ്ധതികളും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

കേന്ദ്ര- സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി

133(2171) ശ്രീ. എം. എ. ബേബി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കേന്ദ്ര-സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ സാദ്ധ്യമായിട്ടുണ്ടോ; ഇക്കാര്യം വിലയിരുത്താറുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം പൊതുമേഖലാസ്ഥാപനങ്ങൾ കൂടുതൽ പ്രതിസന്ധിയിലാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളുടെ ശേഷി പ്രയോജനപ്പെടുത്താൻ കഴിയുംവിധം ഉല്പന്നങ്ങളുടെ ഓർഡറുകൾ നേടിയെടുക്കുന്നതിൽ പരാജയപ്പെടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സ്വകാര്യ വൽക്കരണ നിലപാടുകൾ ഇതിന് തടസ്സമാകുന്നുണ്ടോയെന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, ഓർഡറുകളുടെ അഭാവം, സമയബന്ധിതമായ അറ്റകുറ്റപ്പണികളുടെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ കുറവ് എന്നിവയാണ് പ്രധാനമായും സ്ഥാപിതശേഷി കൈവരിക്കുന്നതിലെ പ്രധാന തടസ്സങ്ങൾ. ടെക്സ്റ്റൈൽസ് മേഖലയിലുണ്ടാകുന്ന ഹാജർ കുറവും ഇതിനെ പ്രതികൂലമായി ബാധിക്കുന്നു. ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുവാൻ സാധ്യമാകുന്ന സ്ഥാപനങ്ങളിൽ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി വിനിയോഗം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) ഉണ്ട്. ഇറക്കുമതി ചുങ്കം കുറച്ചത് മൂലം വിദേശരാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) ഇറക്കുമതി ചുങ്കം കുറച്ചത് മൂലം വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതി, ഉൽപ്പാദനച്ചെലവിന് ആനുപാതികമായി വില ലഭിക്കാത്തത്, വിപണിയിൽ നേരിടുന്ന കടുത്ത മത്സരം എന്നിവ ആവശ്യമായ ഓർഡറുകൾ നേടിയെടുക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രതിബന്ധമായിട്ടുണ്ട്. ഇത് സ്ഥാപനങ്ങളുടെ ഉൽപ്പാദനശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് തടസ്സമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നയപരിപാടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly